© Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14


2893/13

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
### അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്


| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 6th February 2013<br>2013 ഫെബ്രുവരി 6<br>17th Magha 1934<br>1934 മാഘം 17 | No. 334<br>നമ്പർ 334 |


## ഭവന നിർമ്മാണ വകുപ്പിന്റെ സാങ്കേതിക വിഭാഗം

### വിജ്ഞാപനം

നമ്പർ സി1/579/2012/എച്ച്.ഡി. *തിരുവനന്തപുരം, 2013 ജനുവരി 23.*

ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ (എ.ആർ. 12) വകുപ്പിന്റെ 5-12-2012-ലെ സ. ഉ. (സാധാ) നമ്പർ 4263/2012/ഉ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലെ വിവിധ കാര്യാലയങ്ങളിലെ (ഭവന നിർമ്മാണ വകുപ്പിന്റെ സാങ്കേതിക വിഭാഗം, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, നിർമ്മിതി കേന്ദ്രം) സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ സർക്കാർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു. ഭവന നിർമ്മാണ വകുപ്പിന്റെ സാങ്കേതിക വിഭാഗം കേരള സംസ്ഥാന സേവനാവകാശ നിയമം 2012-മൂന്നാം വകുപ്പ് പ്രകാരം നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പമുള്ള അനുബന്ധമായി ചേർത്ത് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ വിജ്ഞാപനം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നു.

എസ്. ഗോപാലകൃഷ്ണൻ, ഐ.എഫ്.എസ്.

*ഹൗസിംഗ് കമ്മീഷണർ.*


PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/613/2013/DTP.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 6-8-2012-ലെ കേരള ഗസറ്റ് (അസാധാരണ) ആയി പ്രസിദ്ധപ്പെടുത്തുകയും 2012 നവംബർ 1-ാം തീയതി ഈ നിയമത്തിന്റെ പ്രാരംഭ തീയതിയായി വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി നിയമം മൂന്നാം വകുപ്പ് പ്രകാരം ഈ നിയമത്തിന്റെ പ്രാരംഭം മുതൽ ആറ് മാസത്തിനകം ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പ് മേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്ന സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

# അനുബന്ധം

2012-ലെ കേരള സേവന അവകാശ നിയമം (2012-ലെ 18)3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള ഭവന നിർമ്മാണ വകുപ്പിന്റെ സാങ്കേതിക വിഭാഗത്തിൽനിന്ന് ലഭ്യമാക്കുന്ന സേവനങ്ങൾ, സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ, (നിയുക്ത ഉദ്യോഗസ്ഥൻ) ഒന്നാം അപ്പീലധികാരി, രണ്ടാം അപ്പീലധികാരി, സേവനം ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി എന്നിവ താഴെ പറയുന്ന പ്രകാരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| *നമ്പർ* | *സേവനങ്ങൾ* | *നിശ്ചിത സമയ പരിധി* | *നിയുക്ത ഉദ്യോഗസ്ഥൻ* | *ഒന്നാം അപ്പീൽ അധികാരി* | *രണ്ടാം അപ്പീൽ അധികാരി* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | സംസ്ഥാന പാർപ്പിട നയത്തെ സംബന്ധിച്ചുള്ള പൊതുവായിട്ടുള്ള വിവരം നൽകുക | 7 ദിവസം | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ചീഫ് പ്ലാനർ (ഹൗസിംഗ്) |
| 2 | അപ്പാർട്ടുമെന്റ് ഓണർഷിപ്പ് ആക്ട് അനുസരിച്ച് ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ റസിഡൻസ് അസോസിയേഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുക | 30 ദിവസം | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഹൗസിംഗ് കമ്മീഷണർ |